(സി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയുടെ കീഴിൽ ഒരുക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) അനുയോജ്യമായ എല്ലാ സ്ഥലങ്ങളിലേയ്ക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ & ബി) ഉണ്ട്. വിനോദസഞ്ചാര വികസന മേഖലയിൽ കായലോര ടൂറിസം വികസനം ലക്ഷ്യമിട്ട് പ്രമുഖ കായൽ ശൃംഖല എന്ന നിലയിൽ ആലപ്പുഴ കായലോര ടൂറിസം വികസന പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുവദിച്ച 47.62 കോടി രൂപയുടെ സാമ്പത്തിക സഹായവും സംസ്ഥാന സർക്കാരിന്റെ വിഹിതമായ 4.62 കോടി രൂപയും ഉൾപ്പെടെ 52.25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 2 വർഷത്തിനകം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) വാടയ്ക്കനാൽ, വാണിജ്യകനാൽ ഭാഗം എന്നിവയുടെ പുനരുദ്ധാരണം, ചരിത്ര പൈതൃക തെരുവുകൾ, കനാലുകൾ എന്നിവയുടെ പുനരുദ്ധാരണം അരൂക്കുറ്റി, തണ്ണീർമുക്കം, പുന്നമട, പള്ളാത്തുരുത്തി, നെടുമുടി, കുഞ്ഞിപ്പാടം, തോട്ടപ്പള്ളി, കായംകുളം എന്നിവിടങ്ങളിൽ ബോട്ട് ടെർമിനൽ, വട്ടക്കായൽ, കരുമാടി, വിളക്കുമാടം എന്നിവിടങ്ങളിൽ നൈറ്റ് ഹാൾട്ട് സെന്ററുകൾ, വയ്യാങ്കര, പാണ്ടി, തഴപ്പ്, കുതിരവട്ടംചിറ എന്നിവിടങ്ങളിൽ ഉപടൂറിസ്റ്റ് കേന്ദ്രങ്ങൾ, അർത്തുങ്കൽ, തോട്ടപ്പള്ളി ബീച്ചുകളുടെ വികസനം തുടങ്ങിയ പ്രവൃത്തികൾ ഒരുക്കിയിട്ടുണ്ട്.

(ഡി) പദ്ധതി നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് സാധ്യതാ പഠനം നടത്തി അനുയോജ്യമെങ്കിൽ ആയത് പരിഗണിക്കാവുന്നതാണ്.

ബാക്ക് വാട്ടർ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതി

294 (4581) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാക്ക് വാട്ടർ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതി നടപ്പാക്കാനുള്ള സാധ്യതാപഠനം എവിടെയെല്ലാം നടത്തിയിട്ടുണ്ട്; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ പഠനം നടത്താൻ തയ്യാറാകുമോ?

ഉത്തരം

(എ) കായലോര വിനോദസഞ്ചാരം ഒരു ശൃംഖലയായി ആവിഷ്കരിച്ച് അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. കായംകുളം മുതൽ അരൂക്കുറ്റിവരെയുള്ള കായൽ ശൃംഖലയിൽ നടപ്പിലാക്കുന്ന ഒരു ബൃഹദ് പദ്ധതിയാണ് ആലപ്പുഴ ബാക്ക് വാട്ടർ മെഗാ ടൂറിസം പദ്ധതി. ഈ പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുവദിച്ച 47.62 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായ 4.62 കോടി രൂപയും ഉൾപ്പെടെ 52.25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 2 വർഷത്തിനകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി & സി) ആലപ്പുഴ മെഗാ ടൂറിസം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കായംകുളം മുതൽ അരൂക്കുറ്റി വരെയുള്ള കായൽ ശൃംഖലകൾ ഉൾപ്പെടുത്തിക്കൊണ്ട് പഠനം നടത്തി തയ്യാറാക്കിയ ആലപ്പുഴ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് ആലപ്പുഴ മെഗാ ടൂറിസം പദ്ധതി നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

വൈക്കം നിയോജകമണ്ഡലത്തിൽ റെസ്പോൺസിബിൾ ടൂറിസം പദ്ധതികൾ

295(4582) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിൽ റെസ്പോൺസിബിൾ ടൂറിസം പദ്ധതികൾ ഏതൊക്കെ സ്ഥലങ്ങളിലാണ് നടപ്പാക്കുന്നതെന്നും ഇതിന്റെ വിശദാംശങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ ;

(ബി) റെസ്പോൺസിബിൾ ടൂറിസം പദ്ധതി ഏത് ഏജൻസി വഴിയാണ് നടപ്പാക്കുന്നതെന്നും പ്രസ്തുത പദ്ധതിയിൽ ഈ ഏജൻസിയുടെ സേവനങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ ;

(സി) റെസ്പോൺസിബിൾ ടൂറിസം പദ്ധതിയുടെ പദ്ധതി പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly